(Pages : 4+Map) **120**

Sl.No. 122461

# S.S.L.C. EXAMINATION, MARCH - 2015

## SOCIAL SCIENCE (Malayalam)

Time : 2½ Hours Total Score : 80

*നിർദ്ദേശങ്ങൾ :*

1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
2) ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ.
3) ഓരോ ചോദ്യത്തിന്റെയും സ്കോർ അതത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.
4) പതിനഞ്ച് മിനിട്ട് സമാശ്വാസസമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

[SCORE]

Q1) ലിയനാർഡോ ഡാവിഞ്ചിയെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക. [3]

Q2) ഭൂവിവരവ്യവസ്ഥയുടെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ സൂചിപ്പിക്കുക. [2]

Q3) ഒരു ബജറ്റിന്റെ പ്രധാന ഘടകങ്ങളേവ ? [3]

Q4) ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികൾ അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ? രാഷ്ട്രീയ പാർട്ടികൾ നിർവ്വഹിക്കുന്ന ധർമ്മങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം സൂചിപ്പിക്കുക. [3]

Q5) നെപ്പോളിയന്റെ ഏതെങ്കിലും മൂന്ന് പരിഷ്കാരങ്ങൾ ചൂണ്ടിക്കാണിക്കുക. [3]

*P.T.O.*

[SCORE]

*Q6)* A) ഭൗമോപരിതലത്തിൽ ആഗോളമർദ്ദമേഖലകളുടെ വിതരണം വിശദമാക്കുക.

അല്ലെങ്കിൽ [6]

B) ഹിമാലയൻ നദികളുടെ സവിശേഷതകൾ വിശദമാക്കുക. ഏതെങ്കിലും രണ്ട് ഹിമാലയൻ നദികൾ, അവയുടെ ഉത്ഭവസ്ഥാനം അവയുടെ പ്രധാന പോഷകനദികൾ എന്നിവയെഴുതുക.

*Q7)* കോർ ബാങ്കിംഗ് സംവിധാനം ഉപഭോക്താക്കൾക്ക് പ്രയോജനപ്രദമാകുന്നതെങ്ങനെ ? [2]

*Q8)* ഇന്ത്യയിൽ ദേശീയ-സംസ്ഥാനതല മനുഷ്യാവകാശ കമ്മീഷനുകൾക്ക് രൂപം നൽകിയത് ഏത് നിയമപ്രകാരമാണ് ? കമ്മീഷന്റെ അധികാരങ്ങൾ വ്യക്തമാക്കുക. [4]

*Q9)* ബക്സാർ യുദ്ധത്തിന്റെ ഫലങ്ങൾ പരിശോധിക്കുക. [2]

*Q10)* 'A' കോളത്തിനനുയോജ്യമായവ 'B', 'C' കോളങ്ങളിൽ നിന്ന് കണ്ടെത്തിയെഴുതുക. [4]

| | A | B | C |
|---|---|---|---|
| a) | പാമീർകെട്ട് | ടാൻസാനിയ | അന്റാർട്ടിക്ക |
| b) | മൗണ്ട് കിളിമൻജാരോ | മധ്യപർവ്വത ശ്രേണികൾ | യൂറോപ്പ് |
| c) | വിൻസൺ മാസ്സിഫ് | യുറാൽപർവ്വത നിര | ആഫ്രിക്ക |
| d) | മധ്യഉന്നതതടങ്ങൾ | വെളുത്ത ഭൂഖണ്ഡം | ഏഷ്യ |

*Q11)* ഇന്ത്യയിൽ മൊത്ത ആഭ്യന്തര ഉൽപാദനം (G.D.P) കണക്കാക്കുന്ന രീതി വിവരിക്കുക. [2]

*Q12)* ഐക്യരാഷ്ട്ര സംഘടനയുടെ പരിമിതികളെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക. [3]

[SCORE]

*Q13)* A) രണ്ടാം ലോക മഹായുദ്ധത്തിന് വഴിതെളിച്ച ഘടകങ്ങൾ വിമർശ നാത്മകമായി വിലയിരുത്തുക.

അല്ലെങ്കിൽ [6]

B) 1917-ലെ റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങളും ഫലങ്ങളും വിലയിരുത്തുക.

*Q14)* ഏതിനം മണ്ണാണ് പരുത്തികൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായത് ? ഇന്ത്യയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് ഈ മണ്ണിനം പ്രധാനമായും കാണപ്പെടുന്നതെന്നും ഇതിന്റെ സവിശേഷത കളെന്തെന്നും സൂചിപ്പിക്കുക. [4]

*Q15)* സാമ്പത്തിക വളർച്ചയും വികസനവും തമ്മിലുള്ള വ്യത്യാസം എഴുതുക. [2]

*Q16)* സോവിയറ്റ് യൂണിയന്റെ തകർച്ചയെക്കുറിച്ച് ഒരു ലഘുകുറിപ്പെഴുതുക. [3]

*Q17)* ഭൂപ്രകൃതിയും സാമൂഹിക സാംസ്കാരിക സാമ്പത്തിക ഘടകങ്ങളും ഇന്ത്യയിലെ ജനസംഖ്യാവിതരണത്തെ സ്വാധീനിച്ചിട്ടുണ്ട്. ഈ പ്രസ്താവന സാധൂകരിക്കുക. [4]

*Q18)* ആഗോളവൽക്കരണത്തെ ശക്തിപ്പെടുത്തുന്നവയാണ് സ്വതന്ത്ര വ്യാപാര കരാറുകൾ ഈ കരാറുകളിലെ ഏതെങ്കിലും മൂന്ന് നിർദ്ദേശ ങ്ങൾ എഴുതുക. [3]

*Q19)* ഉത്തരാധുനികത എന്നാലെന്ത് ? ഈ സിദ്ധാന്തത്തിന്റെ ഏതെങ്കിലും രണ്ട് പ്രമുഖ വക്താക്കളുടെ പേരെഴുതുക. [3]

*Q20)* ജലഗതാഗതത്തിന്റെ ഏതെങ്കിലും രണ്ട് മേന്മകളെഴുതുക. [2]

*Q21)* താഴെ പറയുന്ന വ്യക്തികളുടെ പ്രധാനപ്പെട്ട ഓരോ സംഭാവന വീതം എഴുതുക. [3]

a) സിറിൽ റാഡ്ക്ലിഫ്

b) പോട്ടി ശ്രീരാമലു

c) ഹോമി ജെ. ഭാഭ

*P.T.O.*

[Score]

*Q22)* അമ്ലമഴയുണ്ടാകുന്നതെങ്ങനെ ? ഇതിന്റെ ഏതെങ്കിലും ഒരു പ്രത്യാഘാതം കുറിക്കുക. [2]

*Q23)* പ്രാദേശികവാദം ജനങ്ങൾക്കിടയിൽ വിഭാഗീയത ഉണ്ടാക്കുന്നു. സമർത്ഥിക്കുക. [3]

*Q24)* കോളം 'A' യിൽ ഉള്ളവയോട് യോജിക്കുന്നവ കോളം 'B' യിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക. [4]

| | A | B |
|---|---|---|
| a) | ചാന്നാർ കലാപം | ഇ.വി. രാമസ്വാമി നായ്ക്കർ |
| b) | പയ്യന്നൂർ ഉപ്പ് സത്യാഗ്രഹം | 'ഒന്നേകാൽ കോടി മലയാളികൾ' |
| c) | ഇ.എം.എസ്. നമ്പൂതിരിപ്പാട് | കെ. കേളപ്പൻ |
| d) | വൈക്കം സത്യാഗ്രഹം | 1822 - 1859 |

*Q25)* ചുവടെ ചേർത്തിരിക്കുന്ന ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. [4]

a. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ഉപദ്വീപിയ നദി

b. കണ്ട്‌ലാ തുറമുഖം

c. വിന്ധ്യാ പർവതനിര

d. വാരണാസി

0000